**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1772** **08-10-2021 - ൽ മറുപടിയ്ക്ക്**

**ഗ്രാമീണ റൂട്ടുകൾ പുനസ്ഥാപിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് പഞ്ചാത്തലത്തിൽ വെട്ടിക്കുറച്ച കെ.എസ്.ആർ.ടി.സി. ഗ്രാമീണ റൂട്ടുകൾ പുനസ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുമോ; | (എ) | ഗ്രാമീണ മേഖലകളിൽ നിലവിൽ നഷ്ടം സഹിച്ചും കെ.എസ്.ആർ.ടി.സി നിരവധി സർവ്വീസുകൾ സർവ്വീസ് നടത്തി വരുന്നുണ്ട്. ഇത് കൂടാതെ സംസ്ഥാനത്തിന്റെ ഉൾപ്രദേശങ്ങളിലേയ്ക്ക് കൂടുതൽ സർവ്വീസുകൾ നടത്തുന്നതിനായി 'ഗ്രാമവണ്ടി' എന്ന പേരിൽ പ്രത്യേക ബസ് സർവ്വീസ് പദ്ധതി ഗതാഗത വകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചയിലെ മറുപടി പ്രസംഗത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതായി പ്രഖ്യാപിച്ചിരുന്നു. പദ്ധതി നിലവിൽ സർക്കാരിന്റെ പരിഗണനയിലാണ്. കോവിഡ് പഞ്ചാത്തലത്തിൽ കെ.എസ്. ആർ.ടി.സി വെട്ടിക്കുറച്ച ഗ്രാമീണ റൂട്ടുകളിലെ ഷെഡ്യൂളുകളിൽ ജനോപകാരപ്രദമല്ലാത്തതും ഡീസൽ തുക പോലും ലഭിക്കാത്തതുമായ ട്രിപ്പുകൾ ബന്ധപ്പെട്ട ജനപ്രതിനികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും അഭിപ്രായം ആരാഞ്ഞ് ജനോപകാരപ്രദമായും വരുമാനം വർദ്ധിപ്പിക്കുന്ന തരത്തിലും, ട്രിപ്പുകൾ റൂട്ട് പ്ലാനിംഗിലൂടെ ലാഭകരമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. യാത്രക്കാരുടെ ആവശ്യം അനുസരിച്ച് ട്രിപ്പുകൾ പുന:ക്രമീകരിക്കുകയും, യാതൊരു ഉപകാരവും ഇല്ലാത്ത സർവ്വീസുകൾ ജനോപകാരപ്രദമായി ക്രമീകരിക്കുന്നതിനും, ഇത്തരത്തിൽ പൊതുജനങ്ങളുടെ യാത്രാ ആവശ്യത്തിലേയ്ക്ക് അധിക സർവ്വീസുകൾ അനുവദിക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്. |
| (ബി) | കെ.എസ്.ആർ.ടി.സി. പയ്യന്നൂർ ഡിപ്പോയിൽ നിന്നും കോവിഡിനുമുമ്പ് എത്ര ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്തിരുന്നതെന്ന് വിശദമാക്കാമോ; | (ബി) | കെ.എസ്.ആർ.ടി.സി. പയ്യന്നൂർ ഡിപ്പോയിൽ നിന്നും കോവിഡിനുമുമ്പ് 68 ഷെഡ്യൂളുകളാണ് സർവ്വീസ് നടത്തിയിരുന്നത്. 2021 മാർച്ചിൽ ഇളവുകൾ പ്രഖ്യാപിച്ചിരുന്ന സാഹചര്യത്തിൽ ശരാശരി 53 ഷെഡ്യൂളുകളാണ് പയ്യന്നൂർ പ്രസ്തുത |

| | | | |
|---|---|---|---|
| | | | ഡിപ്പോയിൽ നിന്നും നിലവിൽ ഓപ്പറേറ്റ് ചെയ്തു വരുന്നത്. |
| (സി) | പ്രസ്തുത ഡിപ്പോയിൽ നിന്നും നിലവിൽ എത്ര ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | കെ.എസ്.ആർ.ടി.സി. പയ്യന്നൂർ ഡിപ്പോയിൽ നിന്നും കോവിഡിനുമുമ്പ് 68 ഷെഡ്യൂളുകളാണ് സർവ്വീസ് നടത്തിയിരുന്നത്. 2021 മാർച്ചിൽ ഇളവുകൾ പ്രഖ്യാപിച്ചിരുന്ന സാഹചര്യത്തിൽ ശരാശരി 53 ഷെഡ്യൂളുകളാണ് പയ്യന്നൂർ പ്രസ്തുത ഡിപ്പോയിൽ നിന്നും നിലവിൽ ഓപ്പറേറ്റ് ചെയ്തു വരുന്നത്. |
| (ഡി) | ദേശസാൽകൃത റൂട്ടുകളും, നഷ്ടത്തിലാകാത്ത റൂട്ടുകളും പുനസ്ഥാപിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ഡി) | ദേശസാൽകൃത റൂട്ടുകളിൽ കൂടിയുള്ളതും നഷ്ടത്തിലാകാത്ത റൂട്ടുകളിൽ കൂടിയുള്ളതുമായ ഷെഡ്യൂളുകൾ നിലവിൽ പരമാവധി ഓപ്പറേറ്റ് ചെയ്ത് വരികയാണ്. യാത്രക്കാരുടെ ആവശ്യം പരിഗണിച്ച് ട്രിപ്പുകൾ പുന:ക്രമീകരിക്കുകയും, ഡീസൽ തുക പോലും ലഭിക്കാത്തതും യാതൊരു ഉപകാരവും ഇല്ലാത്ത സർവ്വീസുകളും ട്രിപ്പുകളും ജനോപകാരപ്രദമായി ക്രമീകരിക്കുന്നതിനും, ഇത്തരത്തിൽ ക്രമീകരണത്തിനു ശേഷം കൂടുതൽ സർവ്വീസുകൾ പൊതുജനങ്ങളുടെ യാത്രാവശ്യത്തിലേയ്ക്ക് ആവശ്യമാകുന്ന മുറയ്ക്ക് അധിക സർവ്വീസുകൾ അനുവദിക്കുന്നതി നുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ